**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T 6710 01.11.2011 ൽ മറുപടിക്ക്

## ഇൻവാലിഡ് മോട്ടോർ വാഹനങ്ങൾക്ക് രജിസ്ട്രേഷൻ

ചോദ്യം
ശ്രീ. ഇ.പി. ജയരാജൻ

ഉത്തരം
ശ്രീ. വി.എസ്.ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

(എ) വികലാംഗരായ ആളുകൾ ഉപയോഗിക്കുന്ന ഇൻവാലിഡ് മോട്ടോർ വാഹനങ്ങൾക്ക് നൽകിവന്നിരുന്ന രജിസ്ട്രേഷൻ സംവിധാനം നിർത്തിവച്ച സാഹചര്യം നിലവിലുണ്ടോയെന്നും എന്തുകൊണ്ടാണ് ഇതു നിർത്തിവച്ചിരിക്കുന്നതെന്നും വ്യക്തമാക്കാമോ;

(എ) ഇൻവാലിഡ് കാര്യേജായി വാഹനം രജിസ്റ്റർ ചെയ്യുന്നത് നിർത്തിവച്ചിട്ടില്ല. നിയമവിധേയമല്ലാത്ത രീതിയിൽ വാഹനം ഇൻവാലിഡ് കാര്യേജായി ആൾട്ടർ ചെയ്യുന്നത് മോട്ടോർ വാഹന നിയമം 52-ാം വകുപ്പിന്റെ ലംഘനമാണ്. പലപ്പോഴും പ്രാദേശിക വർക്ക് ഷോപ്പുകളിൽ ആൾട്ടറേഷൻ ചെയ്യുന്ന വാഹനം ഉപയോഗിക്കുന്നവരുടെയും മറ്റ് റോഡ് ഉപഭോക്താക്കളുടെയും സുരക്ഷയ്ക്ക് ഭീഷണിയാകുന്നു എന്നതിനാലാണ് കേന്ദ്ര സർക്കാർ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ആൾട്ടറേഷൻ നിയന്ത്രിച്ചിട്ടുള്ളത്.

(ബി) ഇൻവാലിഡ് മോട്ടോർ വാഹനങ്ങൾ ഉപയോഗിക്കുവാൻ താല്പര്യമുള്ള വികലാംഗർക്ക് രജിസ്ട്രേഷൻ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

(ബി) ഇൻവാലിഡ് കാര്യേജായി നിർമ്മിച്ചിട്ടുള്ള വാഹനം ഇൻവാലിഡ് കാര്യേജായി രജിസ്റ്റർ ചെയ്യുന്നതിന് യാതൊരു തടസ്സവും നിലവിലില്ല. എന്നാൽ വൈകല്യമുള്ളവർക്ക് ഉപയോഗിക്കുവാൻ കഴിയുന്ന രീതിയിൽ വാഹനം ആൾട്ടർ ചെയ്യുന്നതിന് ചില നടപടി ക്രമങ്ങൾ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഇരുചക്ര വാഹനങ്ങളും നാലുചക്ര വാഹനങ്ങളും വൈകല്യമുള്ളവർക്ക് ഉപയോഗിക്കുവാൻ കഴിയുന്ന രീതിയിൽ ആൾട്ടർ ചെയ്യുന്നത് അംഗീകൃത കിറ്റുകൾ ഉപയോഗിച്ച് അംഗീകൃത വർക്ക് ഷോപ്പുകളിലായിരിക്കണം. ഇത്തരത്തിലുള്ള വർക്ക് ഷോപ്പുകൾക്ക് രാജ്യമൊട്ടാകെ അപര്യാപ്തത നേരിടുന്നതിനാൽ ഇരുചക്ര വാഹനങ്ങളിലും നാലുചക്ര വാഹനങ്ങളിലും വരുത്തിയിട്ടുള്ളതും വാഹനം ഓടിക്കുന്നവരുടെ സുരക്ഷിതത്വത്തിന് ഭീഷണിയല്ലാത്തതുമായ ആൾട്ടറേഷൻ

അനുവദിക്കുവാൻ കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ നാലു ചക്ര വാഹനങ്ങളിൽ വരുത്തുന്ന ആൾട്ടറേഷൻ 1988-ലെ മോട്ടോർ വാഹന നിയമത്തിലെ 52-ാം വകുപ്പിന് വിരുദ്ധമാണെങ്കിൽ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തോടുകൂടി മാത്രമേ ആൾട്ടറേഷന് അംഗീകാരം നൽകാവൂ എന്നും കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ